


# ജി.എൽ. പി സ്കൂൾ കാര

മേലാറ്റൂർ ഉപജില്ല-മലപ്പുറം 679326

hmglpskara@gmail.com

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 -26

# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു .പൊതുവിദ്യാഭ്യാസ സംരക്ഷണയത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ എത്തിക്കുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.കാര ഗവ.എൽ. പി സ്കൂളും ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്ക് അനുസരിച്ച് പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസമയങ്ങൾക്ക് അനുസരിച്ച് കുട്ടികളുടെ ഭൗതിക മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് നൂതന പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിൻറെ ഭാഗമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന പഠന പ്രവർത്തനങ്ങൾ ,ആസൂത്രണങ്ങൾ എല്ലാം തന്നെ കുട്ടികളുടെ ഗുണാത്മക പരിവർത്തനത്തിൽ ഊന്നിയും പരീക്ഷണാത്മക പഠനത്തിൽ ഊന്നിയും ,കണ്ടെത്തൽ പഠനത്തിലൂന്നിയുമാണല്ലോ.കുട്ടികളെ മാതൃഭാഷ അനായാസം കൈകാര്യം ചെയ്യു ന്നതിനും ലോകഭാഷയായ ഇംഗ്ലീഷ് സ്വന്തം ചുററു പാടിൽ ഉപയോഗിക്കുന്നതിനും പ്രപ്തരാക്കുന്നതിനും വിദ്യാലയം ഊന്നൽ നൽകുന്നു.കുട്ടികളിൽ ഗണന ചിന്ത വളർ ത്തുന്നതിനും യുക്തി ചിന്ത വളർത്തുന്നതിനും രസകരമായ പ്രവർത്തനങ്ങൾ ഒരുക്കു ന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.കലാകായിക പ്രവൃത്തി പരിചയ മേളകളിൽ മുഴു വൻ വിദ്യാർത്ഥികളെയും ഉൾക്കൊള്ളിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിനും തീരമാനിച്ചിരിക്കുന്നു.ആയോധന കലയായ കരാട്ടെ പരിശീലനവും വിദ്യാർത്ഥികളിലെ പഠന പിരിമുറക്കം കുറക്കുന്നതിനും സ്വയരക്ഷക്കുമായി ഒരുക്കുന്നു.തികച്ചും സൗഹൃദാന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിലെ അക്കാദമിക വർ ഷത്തിലെ മാസ്ററർ പ്ലാൻ കൂടുതൽ ചർച്ചക്കും കൂട്ടിച്ചേർക്കലുകൾക്കുമായി സമർ പ്പിക്കുന്നു.

എന്ന്

| | | |
|---|---|---|
| എസ്.ആർ.ജി കൺവീനർ | പ്രധാനധ്യാപിക | പി.ടി.എ.പ്രസിഡന്റ് |
| ശ്രീജ.കെ | ഉഷ.കെ | വിജയൻ.കെ |

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

26. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം<br>• മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് <u>അമ്മയുമൊത്തു</u> എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പാടനുണ്ട്.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>• കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.<br>• IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് .സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ -ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല . |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിങ്

---

## അക്കാദമിക് മോണിറ്ററിംഗ് (Academic Monitoring)

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- വിദ്യാലയങ്ങളിൽ **HELP 2025** പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തീയതി നിശ്ചയിച്ച സന്ദർശനം:
  - ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. **HELP 2025** ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.
- മോണിറ്ററിംഗ് ഉപാധികൾ:
  - **UNIT WISE MONITORING FORMAT:** ഒന്നാം ഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.
  - **PORTFOLIO EVIDENCE:** കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ.
  - **NOTEBOOK ENTRY CHECKLIST:** ക്ലാസ്സിലെ റിവ്യൂ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.
  - **OBSERVATION TOOL:** കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

- ഉദ്യോഗസ്ഥരുടെ ചുമതലകൾ:
    - **SCERT/DIET** ഫാക്കൽറ്റി അംഗങ്ങൾ: വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.
    - **DIET PRINCIPAL:** ജില്ലാതല മാർഗ്ഗനിർദ്ദേശം.
    - **DDE, DEO, AEO:** സ്കൂൾ തല ചിട്ടവ്യവസ്ഥയും അധ്യാപക പിന്തുണയും.
    - **DPC, BPC:** പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഉപരിതല സഹായങ്ങളും.
    - വിദ്യാകിരണം മിഷൻ കോർഡിനേറ്റർ: ഡോക്യുമെന്റേഷൻ, ഡിജിറ്റൽ രേഖകൾ.
- പ്രതിവാര അവലോകനം:
    - സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.
    - ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം.

### വിലയിരുത്തൽ:

- **HELP 2025** പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

---

## വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രദ വിലയിരുത്തൽ **(Formative Assessment)** എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. **KCF 2023** ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചക്കായാണ് വിലയിരുത്തലിന്റെ മുഖ്യഭൂമി.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും സഹായിക്കുക.
- പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- പഠനപ്രക്രിയ വിലയിരുത്തൽ:
  - പ്രവർത്തന പങ്കാളിത്തം:
    - പ്രവർത്തനം ഏറ്റെടുത്തു?
    - ഗ്രൂപ്പിൽ പ്രവർത്തിച്ചു?
    - ആശയങ്ങൾ പങ്കുവെച്ചു?
  - ആശയധാരണ:
    - ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
    - അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
- പ്രക്രിയാശേഷി വിലയിരുത്തൽ:
  - മുൻധാരണകൾ എന്തെല്ലാമായിരുന്നു?
  - പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?
- പ്രകടനം / അവതരണം:
  - ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
  - താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവമായി വിശദീകരിച്ചു?
- രേഖപ്പെടുത്തൽ:
  - പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?
  - അതിനുള്ള ആകൃതിയും അതിന്റെ അടക്കം, മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണ്?
  - ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?

## വിലയിരുത്തൽ മാർഗ്ഗങ്ങൾ:

- നിരീക്ഷണം **(Observation):**
  - അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്.
- അഭിമുഖം **(Interview):**
  - കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം.
- റേറ്റിംഗ് സ്കെയിൽ:
  - പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.
- കേസ്സ്റ്റഡി / സ്കെച്ചുകൾ / ഡയറി നോട്ടുകൾ:
  - വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.
- സ്വയം വിലയിരുത്തൽ ഫോറങ്ങൾ:
  - കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്.

## പോർട്ട്ഫോളിയോ വിലയിരുത്തൽ:

- പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.

പ്രവർത്തനം : 16

പേര് : ഭാഷോത്സവം

ഉപമേഖല :ഭാഷാ കാഴ്ചവത്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സി ലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക | ഭാഷാപ്രസംഗം, കഥ പറയൽ കവിതാ പാരായണം, കൊളാഷുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ,<br>ഭാഷാ ക്ലബ്,<br>ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം: 17

പേര് : അരങ്ങത്തേയ്ക്ക്

ഉപമേഖല : അവതരണശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയ വിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ<br>പ്രാദേശിക ക്ലബ്ബുകൾ | 2000 |

പ്രവർത്തന പദ്ധതികൾ

മലയാളം

പ്രവർത്തനം:1

പേര്      : പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിൽ മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | രശ്മി ടീച്ചർ | 1000 |
| | | | | |

പ്രവർത്തനം:2

പേര്: എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാ ശീലം വളർത്തു ക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| | | | | |

പ്രവർത്തനം:3

പേര്: ഉച്ചഭാഷിണി വായന

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ പത്രവായന. ബാലസഭയിൽ കഥാവായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| | | | | |

പ്രവർത്തനം: 10

പേര്　　: രചനോത്സവം

ഉപമേഖല　:　ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

പ്രവർത്തനം : 11

പേര്　　: സർഗ്ഗവേള

ഉപമേഖല　: പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനുംപ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാ കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാ കാർഡ്)വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം 12

പേര്　　: ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾരൂപീകരിക്കുക

ഉപമേഖല　:ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാവത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ ജൂലൈ | സുദിനി ശ്രീജ വിനീഷ് മായ | 2000 |

പ്രവർത്തനം:13
പേര് : പാട്ടരങ്ങ്
ഉപമേഖല : ഭാഷാ സമൃദ്ധി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം, തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു രാഗതാളങ്ങളുമായി അനുബന്ധിപ്പിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ് ടീച്ചർ | 4000 |
| | | | | |

പ്രവർത്തനം: 14
പേര് : നാട്ടുവിശേഷം, കൂട്ടെഴുത്ത്
ഉപമേഖല : ലേഖനാ വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്ത് നൈപുണി, സമഗ്ര ചിന്താശേഷി, എന്നിവ വികസിപ്പിക്കുക | കുട്ടികളുടെ നാട്ടു പരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെയ്ക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ പ്രദേശിക ക്ലബുകൾ | 5000 |
| | | | | |

പ്രവർത്തനം: 15
പേര് : റീഡേഴ്സ് തീയേറ്റർ
ഉപമേഖല: വായന വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാ താൽപര്യവും അഭിനയവും വഴി വ്യക്തിത്വ | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

## ഇംഗ്ലീഷ്

**പ്രവർത്തനം : 1**

**പേര് : ഇംഗ്ലീഷ് അസംബ്ലി**

**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം : 2**

**പേര് : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസുകളിൽ)**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള അനുഭവ കുറിപ്പുകൾ എഴുതൽ | ഓരോ ദിവസവും വീട്ടിലേയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക (1 മുതൽ 100 വരെ പഠനം) | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**

**പേര്** : Reading Card Work Shop

**ഉപമേഖല : വായനാ സാമഗ്രി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

**പ്രവർത്തനം : 4**

**പേര്** : Work Sheet Work Shop

**ഉപമേഖല : അദ്ധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അദ്ധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്.ആർ.ജി | 4000 |
| | Spoken English Class | 1 Hour in a week | SSG | 12000 |

ഗണിതം

പ്രവർത്തനം: 1
പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
ഉപമേഖല :വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതി യിൽ നിർദ്ദേശിച്ചിട്ടുള്ള മുഴവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടെമിന്റെയും തുടക്കത്തിൽ | SSG | 3000 |

പ്രവർത്തനം : 2
പേര് : ഗണിതലാബ്(ഗണിതമധുരം)
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വാതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത പെട്ടി സജ്ജമാക്കൽ | 2025-26 | | 1500 |

പ്രവർത്തനം : 3
പേര് : ഗണിത മൂല
ഉപ മേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന | മുഴവൻ ക്ലാസിലും | | | |

| | | | | |
|---|---|---|---|---|
| ഗണിതാശയങ്ങൾ മുഴവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളി നോട്ട്, കാർഡുകൾ തുടങ്ങിയവ)<br><br>എല്ലാ കുട്ടികൾക്കും ഗണിതപ്പെട്ടി, ഫയൽ | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 4
പേര് : യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈ വരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഗണിത ക്ലാസ് പി. ടി. എ
ഉപമേഖല :സി. പി.ടി.എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ H. W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു പിന്തുണ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 6
പേര് : ഗണിത മധുരം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ, ക്യാമ്പുകൾ, ശില്പശാലകൾ. | ജൂൺ മുതൽ ആഗസ്റ്റ് വരെ | | |

# അറബിക്

**പ്രവർത്തനം :** 1

**പേര്** : **ലോക ഭാഷ -അറബി ഭാഷ**

**ഉപമേഖല** : **അടിസ്ഥാന ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

**പ്രവർത്തനം :** 2

**പേര്** : **അറബി വായനോത്സവം**

**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം<br>ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായാനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

**പ്രവർത്തനം :** 3

**പേര്** : **അറബി രചനോത്സവം**

**ഉപമേഖല** : **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി | • പതിപ്പുകളുടെ നിർമാണം | | അറബി | |

പ്രവർത്തനം 4

പേര്: എൻെറ പരീക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| ശാസത്ര വിഷയങ്ങളിലേക്കുള്ള താല്പര്യവും മനശാസ്ത്രപരമായ ഉത്സാഹവും വളർത്തൽ | ശാസ്ത്ര പരീക്ഷണങ്ങൾ സ്വന്തമായി ബാലസഭയിലും അസംബ്ലിയിലും അവസരം | മാസത്തിലൊരിക്കൽ | - | ശാസ്ത്ര് ക്ലബ്ബ് |

# വിവരസാങ്കേതിക വിദ്യ

## പ്രവർത്തനം

വിവരസാങ്കേതിക വിദ്യയിൽ പരിശീലനം
കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | **IT, ICT** പ്രവർത്തനങ്ങൾ പരിശീലന പരിപാടി എന്നിവ നടത്തുന്നു. | ഓരോ മാസത്തിലും | class Teachers | |
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ | പാഠഭാഗവുമായി ബന്ധപെട്ട് ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ. | ഓരോ മാസത്തിലും | class Teachers | |

# സർഗവേദി

പ്രവർത്തനം

ബാലസഭ, സർഗവേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനം സാധ്യമാക്കൽ | ഓരോ മാസവും ബാലസഭയിൽ കുട്ടികളുടെ വ്യത്യസ്ത കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകൽ. | എല്ലാ മാസവും | class Teachers | |
| | കുട്ടികളുടെ മികവുകൾ സോഷ്യൽ മീഡിയ വഴി പങ്കു വെക്കൽ | | | |
| കലാഭിരുചി വളർത്തുക കുട്ടികളുടെ സർഗാത്മക കഴിവുകൾ വികമ്പിപ്പിക്കൽ | ആഴ്ച്ചയിൽ ഒരു ദിവസം ക്ലാസിലും സർഗവേദി നടത്തൽ | ഓരോ ആഴ്ച്ചയിലും | class teachers | |

## <u>പ്രവൃത്തി പരിചയം</u>

<u>പ്രവർത്തനങ്ങൾ</u>

പ്രവൃത്തിപരിചയ ശിൽപശാല

ഒറിഗാമി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പങ്കെടുക്കാൻ അവസരം നൽകൽ | Sep-Oct | ക്ലാസ് ടീച്ചർ | |
| ഇതര വിഷയവുമായി ബന്ധപ്പെടുത്തി പ്രവൃത്തി പരിചയാനുഭവത്തെ കൂട്ടിച്ചേർക്കൽ | ഒറിഗാമി രൂപങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി പരിചയപ്പെടുത്തുന്ന പരിശീലനം നൽകൽ | ഓരോ മാസവും | ക്ലാസ് ടീച്ചർ റിസോഴ്സ് പേർസൺ | |

| | | | | |
|---|---|---|---|---|
| വികസനവുമാണ് പ്രധാന ലക്ഷ്യം | നൽകുന്നു. കഥാനായകർ, സംഭാഷണ ശൈലി, ശബ്ദ വ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു | | | |
| | | | | |

പ്രവർത്തനം : 1
പേര് : കായികാരോഗ്യം
ഉപമേഖല : എയറോബിക്സ് എക്സർസൈസ്സ്, ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | സ്പോർട്സ് പരിശീലനം, ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ്, സ്കിപ്പിംഗ് പരിശീലനം, സുംബാ പരിശീലനം, കരാട്ടെ പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | |

പ്രവർത്തനം : 2
പേര് : ഹെൽത്ത് ചെക്ക് അപ്പ്
ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | കരാട്ടെ പരിശീലനം എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പുവരുത്താനായി ആദ്യ ടേർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | |

പ്രവർത്തനം : 3
പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നിവ നൽകുന്നതിനു ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | |

സാമൂഹികാവബോധം

പ്രവർത്തനം : 1

പേര് : കായികാരോഗ്യം

ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 2

പേര് : പ്രാദേശിക അറിവ്

ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിനു സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക | നവംബർ | SSG | |

പ്രവർത്തനം : 3

പേര് : ഫീൽഡ് ട്രിപ്പ്

ഉപമേഖല : പൊതുസ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | വായനശാല, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി, മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |